"Production and Marketing of Safe to Eat (Pesticide free) vegetables, fruits and food products for sale through government outlets"

Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University in association with Dept. Of Agriculture, Horticorp, VFPCK and SHM-K

2017-ലെ റിപ്പോർട്ട് (നമ്പർ 39/2017)

MARKET AND ORGANIC SAMPLES

# PAMSTEV – FFP 39/2017

നാം നിത്യവും ഉപയോഗിക്കുന്ന പഴംപച്ചക്കറികൾ മിക്കതും അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതു കൊണ്ട് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി വിഷാംശം എത്ര എന്ന് കണ്ടു പിടിക്കാൻ പച്ചക്കറി കടകളിൽ നിന്ന് സാമ്പിൾ എടുത്തു പരിശോധന നടത്തുന്ന ഒരു പ്ലാൻ സ്കീം കാർഷിക സർവകലാശാലയും കൃഷി വകുപ്പും ചേർന്ന് 01/01/2013ൽ ആരംഭിച്ചു. പദ്ധതിയുടെ ആറാംവർഷ പ്രവർത്തനമാണിപ്പോൾ നടക്കുന്നത്.

2013 മേയ് 31നു് കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പച്ചക്കറികൾ കൂടാതെ പഴവർഗ്ഗങ്ങൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവ കൂടി പരിശോധനാ വിധേയമാക്കാൻ തീരുമാനിച്ചത് ആണ്. കൃഷി വകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പാക്കിയ പ്ലാൻ സ്കീമിന്റെ കീഴിലുള്ള ''സേഫ് റ്റു ഈറ്റ്'' പദ്ധതിയുടെ ഇതുവരെ നടത്തിയ പരിശോധനകളിൽ വിഷാംശം കണ്ടെത്തിയ ഉല്പന്നങ്ങളിൽ നിന്ന് വിഷാംശം പരമാവധി നീക്കം ചെയ്ത് ഭക്ഷ്യസുരക്ഷിതം ആക്കുന്നതിനുള്ള ഉപഭോക്തൃതല പാക്കേജ്, പൊതുതാല്പര്യപ്രകാരം ഇതേ വെബ് സൈറ്റിൽ ''ഭക്ഷ്യസുരക്ഷിത'' **SAFE TO EAT PACKAGE** പാക്കേജ് –1പച്ചക്കറികൾ എന്ന പേരിൽ (32-ാം റിപ്പോർട്ട്) www.kerala.gov.in എന്ന സർക്കാർ വെബ് സൈറ്റിൽ റിപ്പോർട്ട് & മാന്വൽ എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചതാണ്. 39-ാമത്തെ ഈ റിപ്പോർട്ട് 2017ലെ ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ട് ആണ്.

2016 ജനുവരി മുതൽ ഓരോ മാസവും പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം 100 ആയി ക്രമീകരിക്കുകയും, ജൈവജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് നിന്നും, ഇതര ജില്ലകളിലെ വിവിധ മാർക്കറ്റുകളിൽ നിന്നും ജൈവ വിപണികളിൽ നിന്നും ശേഖരിക്കുകയും ചെയ്യാൻ തീരുമാനിച്ചു. ഇതിന് പുറമെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പ്രത്യേക നിർദേശപ്രകാരം എല്ലാ ജില്ലകളിലെയും മാർക്കറ്റിംഗ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ "ഉത്തമകൃഷി" (GAP) ചെയ്യുന്ന കർഷക ക്ലസ്റ്ററുകളിൽ നിന്നും എക്കോഷോപ്പുകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി കർഷകർക്ക് സാക്ഷ്യപത്രം നൽകുന്ന നടപടിയും 2016–2017 മുതൽ ആരംഭിച്ചു. ശേഖരിച്ച സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി"യിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. പരിശോധനക്കുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും, കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമറ്റോഗ്രാഫ്, ഗ്യാസ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങളുമുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സർക്കാർ തലത്തിലെ ഒരേയൊരു കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി ആണിത്. ഇപ്രകാരം ഒരോ സാമ്പിൾ പരിശോധിക്കുന്നതിനും 4500 രൂപ ചിലവ് വേണ്ടി വരുന്നു. വിവിധ ഇനം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കൂടാതെ വിവിധ ബ്രാൻഡുകളിൽ മാർക്കറ്റിൽ ലഭ്യമായ സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പാക്കറ്റിൽ ലഭിക്കുന്ന വിവിധ ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് പ്രത്യേക പട്ടിക ആയി കൊടുത്തിരിക്കുന്നു.

ആലപ്പുഴ, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച 39 ഇനം പച്ചക്കറികളുടെ 84സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് രണ്ടായി തരം തിരിച്ച് പട്ടിക 1&2 (പേജ് 3, 4) കൊടുത്തിരിക്കുന്നു. കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയത് പച്ചമുളക് (1) സാമ്പിളിൽ ആണ്. ശേഷിച്ച സാമ്പിളുകൾ പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

തിരുവനന്തപുരം, ആലപ്പുഴ നഗരങ്ങളിലെ പ്രവർത്തിക്കുന്ന സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച 19 ഇനം പച്ചക്കറികളുടെ 25 സാമ്പിളുകളുടെ പരിശോധനാഫലം പട്ടിക 3 (പേജ് 4) കൊടുത്തിരിക്കുന്നു. പരിശോധിച്ച എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

വിവിധ ജില്ലകളിലെ (തിരുവനന്തപുരം, ആലപ്പുഴ) പൊതുവിപണിയിൽ നിന്നും ശേഖരിച്ച 16 ഇനം പഴവർഗ്ഗങ്ങളുടെ 20 സാമ്പിളുകളിൽ പട്ടിക 4, 5 (പേജ് 5) കീടനാശിനിയുടെ സാന്നിദ്ധ്യം സാധാരണ ആപ്പിൾ (1) എന്ന സാമ്പിളിൽ ആണ് കണ്ടെത്തിയത്. പരിശോധിച്ച ബാക്കി എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 3 ഇനം ഉണങ്ങിയ പഴവർഗ്ഗത്തിന്റെ 6 സാമ്പിൾ പരിശോധിച്ചതിൽ പട്ടിക 6 (പേജ് 6) എല്ലാ സാമ്പിളുകളും പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

തിരുവനന്തപുരം ജില്ലയിലെ പൊതുവിപണിയിൽ നിന്നും ശേഖരിച്ച 2 ഇനത്തിൽപ്പെട്ട സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ 1 സാമ്പിളിൽ പട്ടിക 7 (പേജ് 6) എല്ലാം തന്നെ വിഷവിമുക്തമായാണ് പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നത്.

തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ സൂപ്പർ/ഹൈപ്പർ/ജൈവ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 19 ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയുടെ 61 സാമ്പിളുകളെ പട്ടിക 8& 9 (പേജ് 7& 8) വിഷാംശത്തിന്റെ തോത് അനുസരിച്ച് തരം തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു. ഏലയ്ക്ക (2), ജീരകം (3), പെരുംജീരകം (1), കാശ്മീരി മുളകുപൊടി (1) സാമ്പിളുകളിൽ ഒന്നിലധികം കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തി. ശേഷിച്ച സാമ്പിളുകൾ പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു. സുഗന്ധവ്യഞ്ജനങ്ങളിലെ അവശിഷ്ട വിഷാംശത്തെപ്പറ്റി കൂടുതൽ വിശദമായ പഠനങ്ങൾ ആവശ്യമാണെന്നാണ് ഈ പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നത്.

## കൂടുതൽ വിവരങ്ങൾക്ക്:

**ഡോ. തോമസ് ബിജു മാത്യു**

**അസ്സോസിയേറ്റ് ഡയറക്ടർ (സസ്യ-സംരക്ഷണം) & പ്രൊഫസ്സർ ആൻഡ് ഹെഡ്**

പെസ്റ്റിസൈഡ് റെസിഡ്യൂ ലാബ് (PRRAL) (കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി),

കാർഷിക കോളേജ്, വെള്ളായണി പി.ഒ; തിരുവനന്തപുരം 695 522

ഫോൺ നമ്പർ: 0471 -2380520, 2388167 മൊബൈൽ: 9895408332

ഇ-മെയിൽ: biju.mathew@kau.in

## റിസേർച്ച് ടീം: "സേഫ് റ്റു ഈറ്റ്" പദ്ധതി

| | | |
|---|---|---|
| ബിനോയ്.എ.കോശി | സീനിയർ റിസേർച്ച് ഫെല്ലോ | 9846062132 |
| പ്രിയ. എൽ | ജൂനിയർ റിസേർച്ച് ഫെല്ലോ | 9847240318 |
| സൂര്യമോൾ.എസ് | ജൂനിയർ റിസേർച്ച് ഫെല്ലോ | 9446018451 |
| സാൽമോൻ.വി.എസ്. | സ്കിൽഡ് അസിസ്റ്റന്റ് | 9947916428 |
| ശബരിനാഥ് | സ്കിൽഡ് വർക്കർ | 9037933206 |

Table: 1
പട്ടിക: 1

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Vegetable - Market)

| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | 84 |
|---|---|
| ഇനം (Types) | 39 |

ആലപ്പുഴ | തിരുവനന്തപുരം | പത്തനംതിട്ട | എറണാകുളം

Alappuzha | Trivandrum | Pathanamthitta | Ernakulam

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം | കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
|---|---|---|---|---|---|---|---|---|
| കുമ്പളം | Ash gourd | 1 | പുതീനഇല | Mint leaves | 1 | പച്ചമുളക് | Greenchilli | 1/6 |
| ബജി മുളക് | Baji chilli | 1 | നേന്ത്രൻ | Nendran | 1 | | | |
| ബീൻസ് | Beans | 4 | സവാള | Onion big | 3 | | | |
| ബീറ്റ് റൂട്ട് | Beetroot | 1 | ചുവന്നുള്ളി | Onion small | 2 | | | |
| വെണ്ടക്ക | Bhindi | 6 | ഉരുളക്കിഴങ്ങ് | Potato | 1 | | | |
| പാവക്ക | Bitter gourd | 1 | മത്തൻ | Pumpkin | 1 | | | |
| ചൊരയ്ക | Bottle gourd | 2 | സലാഡ് വെള്ളരി | Salad cucumber | 1 | | | |
| വഴുതന | Brinjal long | 1 | പടവലം | Snake gourd | 2 | | | |
| കത്തിരി | Brinjal(round) | 2 | വെള്ളരി | Melon | 3 | | | |
| ബട്ടർബീൻസ് | Butterbeans | 1 | തക്കാളി | Tomato | 5 | | | |
| കാബേജ്(വെള്ള) | Cabbage (ordinary) | 3 | പയർ | Cowpea | 2 | | | |
| കാബേജ്(വയലറ്റ്) | Cabbage violet | 1 | ചതുരപ്പയർ | Winged beans | 1 | | | |
| കാപ്സിക്കം (പച്ച) | Capsicum(green) | 2 | സുക്കിനി മഞ്ഞ | Zucchini yellow | 1 | | | |
| കാരറ്റ് | Carrot | 5 | സുക്കിനി പച്ച | Zucchini green | 1 | | | |
| സാമ്പാർ മുളക് | Chilli big | 1 | | | | | | |
| അമരക്ക | Cluster beans | 4 | | | | | | |
| മല്ലിയില | Coriander leaves | 2 | | | | | | |
| കറിവേപ്പില | Curry leaf | 2 | | | | | | |
| മുരിങ്ങയ്ക്ക | Drumstick | 4 | | | | | | |
| വെളുത്തുള്ളി | Garlic | 1 | | | | | | |
| ഇഞ്ചി | Ginger | 2 | | | | | | |
| നെല്ലിക്ക | Gooseberry | 1 | | | | | | |
| കോവക്ക | Ivy gourd | 4 | | | | | | |
| ലറ്റ്യൂസ് | Lettuce | 2 | | | | | | |

**1/6**

കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ
(Pesticide detected)
1 sample of 1 type
1 ഇനത്തിൽപെട്ട 1 സാമ്പിൾ

**78/78**

തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)
Safe to Eat
78 samples of 38 types
38 ഇനത്തിൽപെട്ട 78 സാമ്പിളുകൾ

| Table: 2<br>പട്ടിക: 2 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|---|
| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
| 1. | പച്ചമുളക്  (Green chilli) 1/6 | സാമ്പിൾ: 1<br>Sample: 1 | ക്ലോർപൈറിഫോസ് (Chlorpyriphos) | 0.09 ppm |

| Table: 3<br>പട്ടിക: 3 | "ജൈവപച്ചക്കറി" ബ്രാൻഡ് ചെയ്ത് വിൽക്കുന്ന സ്വകാര്യ ഷോപ്പുകളിലെ സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Organic samples from Vegetable shops) | |
|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | 25 |
| ഇനം (Types) | | 19 |
| തിരുവനന്തപുരം<br>Trivandrum | ആലപ്പുഴ<br>Alappuzha | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
| ബീൻസ് | Beans | 2 |
| ബീറ്റ് റൂട്ട് | Beetroot | 1 |
| വെണ്ടക്ക | Bhindi | 1 |
| കാബേജ്(വെള്ള) | Cabbage (ordinary) | 1 |
| കാപ്സിക്കം (പച്ച) | Capsicum(green) | 5 |
| കാരറ്റ് | Carrot | 1 |
| അമരക്ക | Cluster beans | 1 |
| ചേമ്പ് | Colocasia | 1 |
| മുരിങ്ങയ്ക്ക | Drumstick | 1 |
| വെളുത്തുള്ളി | Garlic | 2 |
| ഇഞ്ചി | Ginger | 1 |
| പച്ചമുളക് | Green chilli | 2 |
| കോവക്ക | Ivy gourd | 2 |
| വെള്ളരി | Melon | 1 |
| ചുവന്നുള്ളി | Onion small | 1 |
| ഉരുളക്കിഴങ്ങ് | Potato | 2 |
| പടവലം | Snake gourd | 1 |
| തക്കാളി | Tomato | 1 |
| പയർ | Vegetable cowpea | 2 |

**25/25**
തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)
Safe to Eat
78 samples of 38 types — 38 ഇനത്തിൽപെട്ട 78 സാമ്പിളുകൾ

FSSAI പരിധിക്ക് മുകളിലേ, താഴെയോ പരിധി നിശ്ചയിച്ചിട്ടില്ലാത്തതോ ആയിട്ടുള്ള വിഷാംശം ഒരു സാമ്പിളിൽ പോലും കണ്ടെത്തിയില്ല
(No samples in Above/Below/Without MRL category)

| Table: 4<br>പട്ടിക: 4 | പൊതുവിപണിയിൽ നിന്നും കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകളിൽ/കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച പഴവർഗ്ഗങ്ങളുടെ സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Fruit–Market, Ecoshop/farmers samples) |
|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | 20 |
| ഇനം (Types) | 16 |

**ആലപ്പുഴ – ALAPPUZHA**

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
|---|---|---|
| ആപ്പിൾ ഫുജി | Apple Fuji | 1 |
| ആപ്പിൾ റോയൽ ഗാല | Apple royal gala | 1 |
| ആപ്പിൾ ഗ്രാനിസ്മിത്ത് | Apple granismith | 1 |
| ആപ്പിൾ ഗോൾഡൻ | Apple golden | 1 |
| ആപ്പിൾ വാഷിങ്ങ്ടൺ | Apple washington | 1 |
| ശീതപ്പഴം | Custard apple | 1 |
| മുന്തിരി റോസ് | Grapes rose | 1 |
| കിവി | Kiwi | 2 |
| സാധാരണ മാമ്പഴം | Mango ordinary | 1 |
| മാമ്പഴം നീലം | Mango neelam | 1 |
| മുസാംബി | Musambi | 2 |
| മസ്ക്മെലൺ | Muskmelon | 1 |
| ഓറഞ്ച് | Orange | 1 |
| ഓറഞ്ച് നാഗ്പൂർ | Orange Nagpur | 2 |
| പ്ലംഇന്ത്യൻ | Plum Indian | 1 |

**18/18**

തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)

18 samples of 15 types
15 ഇനത്തിൽപ്പെട്ട 18 സാമ്പിളുകൾ

**തിരുവനന്തപുരം – TRIVANDRUM**

| കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
|---|---|---|
| സാധാരണ ആപ്പിൾ | Apple ordinary | 1/2 |

കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ
(Pesticide detected)
1 sample of 1 type
1 ഇനത്തിൽപെട്ട 1 സാമ്പിൾ

**1/2**

| Table: 5<br>പട്ടിക: 5 | പൊതുവിപണികളിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ | | | |
|---|---|---|---|---|
| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
| 1. | സാധാരണ ആപ്പിൾ  (Apple ordinary) 1/2 | സാമ്പിൾ: 1<br>Sample: 1 | ക്ളോർപൈറിഫോസ്<br>Chlorpyriphos | 0.22 ppm |

| Table: 6<br>പട്ടിക: 6 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച ഉണങ്ങിയ പഴവർഗ്ഗങ്ങളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Dry fruits - Market) | |
|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | 6 |
| ഇനം (Types) | | 3 |
| തിരുവനന്തപുരം<br>TRIVANDRUM | ആലപ്പുഴ<br>Alapuzha | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത്<br>(No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
| ഈന്തപ്പഴം | Dates | 1 |
| ഉണക്കമുന്തിരി (കറുപ്പ്) | Raisin black | 3 |
| ഉണക്കമുന്തിരി (മഞ്ഞ) | Raisin Yellow | 2 |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
6 samples of 3 types
3 ഇനത്തിൽപ്പെട്ട 6 സാമ്പിളുകൾ

| Table: 7<br>പട്ടിക: 7 | പൊതുവിപണിയിൽ നിന്നും ശേഖരിച്ച സംസ്കരിച്ച ഭക്ഷ്യവസ്തുക്കളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Processed food products - Market) | |
|---|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | | 2 |
| ഇനം (Types) | | 1 |
| തിരുവനന്തപുരം<br>TRIVANDRUM | | |
| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത്<br>(No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
| അരിപ്പൊടി | Rice flour | 2 |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
2 samples of 2 types
2 ഇനത്തിൽപ്പെട്ട 2സാമ്പിളുകൾ

| Table: 8<br>പട്ടിക: 8 | പൊതുവിപണി/ജൈവവിപണിയിൽ കർഷകരിൽ നിന്ന് നേരിട്ടും ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങൾ, മസാലപൊടികൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് തിരിച്ച പട്ടിക (Spices – Market/Organic) |
|---|---|
| മൊത്തം സാമ്പിളുകളുടെ എണ്ണം (Total) | 61 |
| ഇനം (Types) | 19 |

| തിരുവനന്തപുരം<br>TRIVANDRUM | ആലപ്പുഴ<br>ALAPUZHA | പത്തനംതിട്ട<br>PATHANAMTHITTA |
|---|---|---|

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം കാണാത്തത് (No Pesticides/Safe to Eat) | | സാമ്പിൾ എണ്ണം |
|---|---|---|
| കുരുമുളക് | Black pepper | 2 |
| മുളക്പൊടി | Chilli powder | 6 |
| വറ്റൽമുളക് | Chilli long dry | 2 |
| മല്ലിപൊടി | Coriander powder | 5 |
| ചതച്ചമുളക് | Crushed chilli | 1 |
| ജീരകപൊടി | Cumin powder | 2 |
| കറിമസാല | Curry masala | 6 |
| ചുക്ക്പൊടി | Dry ginger powder | 3 |
| ഉലുവപൊടി | Fenugreek powder | 2 |
| പെരുംജീരകപ്പൊടി | Fennel powder | 2 |
| ഗരംമസാല | Garam masala | 1 |
| ജിഞ്ചർ ഗാർലിക്ക് പേസ്റ്റ് | Ginger garlic paste | 1 |
| കുരുമുളക്പൊടി | Black pepper powder | 1 |
| ഗ്രാംബു | Cloves | 1 |
| സാമ്പാർപൊടി | Sambar powder | 4 |
| തേയില | Tea powder | 4 |
| രസംപൊടി | Rasam powder | 1 |
| അച്ചാർപൊടി | Pickle powder | 1 |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**

45 samples of 18 types

18 ഇനത്തിൽപ്പെട്ട 45 സാമ്പിളുകൾ

**45/45**

| കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ (Pesticide detected) | | |
|---|---|---|
| ഏലയ്ക്ക | Cardamom | 2/3 |
| ജീരകം | Cumin seed | 3/5 |
| പെരുംജീരകം | Fennel | 1/3 |
| കാശ്മീരി മുളകുപൊടി | Kashmiri chilli powder | 1/5 |

കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയവ

(Pesticide detected)

7 samples of 4 types

4 ഇനത്തിൽപെട്ട 7 സാമ്പിളുകൾ

**7/16**

| Table: 9<br>പട്ടിക: 9 | പൊതുവിപണി/ജൈവവിപണിയിൽ കർഷകരിൽ നിന്ന് നേരിട്ടും ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങൾ, മസാലപൊടികൾ എന്നിവയുടെ സാമ്പിളുകളിൽ കണ്ടെത്തിയ വിഷാംശത്തിന്റെ വിശദാംശങ്ങൾ |
|---|---|

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 1. | ഏലയ്ക്ക (Cardamom)  2/3 | സാമ്പിൾ: 1<br>Sample: 1 | ക്ളോർപൈറിഫോസ് Chlorpyriphos | 0.34 ppm |
| | | | എത്തയോൺ Ethion | 0.16 ppm |
| | | | ലാംബ്ഡാ സൈഹാലോത്രിൻ Lambda cyhalothrin | 0.19 ppm |
| | | | ക്യനാൽഫോസ് Quinalphos | 2.07 ppm |
| | | സാമ്പിൾ: 2<br>Sample: 2 | ക്യനാൽഫോസ് Quinalphos | 13.19 ppm |
| | | | എത്തയോൺ Ethion | 0.38 ppm |

| # | സാമ്പിളിന്റെ ഇനങ്ങളും വിഷാംശം കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണവും (Type and Number) | പരിശോധിച്ച സാമ്പിളിന്റെ എണ്ണം (Sample No:) | കണ്ടെത്തിയ കീടനാശിനിയുടെ പേര് (Pesticides detected) | കീടനാശിനിയുടെ അളവ് (Residue level) |
|---|---|---|---|---|
| 2. | ജീരകം (Cumin seed)  3/5 | സാമ്പിൾ: 1 Sample: 1 | പ്രൊഫെനോഫോസ് Profenophos * | 0.22 ppm |
| | | സാമ്പിൾ: 2 Sample: 2 | പ്രൊഫെനോഫോസ് Profenophos * | 0.19 ppm |
| | | സാമ്പിൾ: 3 Sample: 3 | പ്രൊഫെനോഫോസ് Profenophos * | 0.33 ppm |
| 3. | പെരുംജീരകം (Fennel seed)  1/3 | സാമ്പിൾ: 1 Sample: 1 | ക്യുനാൽഫോസ് Quinalphos | 6.69 ppm |
| 4. | കാശ്മീരി മുളകുപൊടി (Kashmiri chilli powder)  1/5 | സാമ്പിൾ: 1 Sample: 1 | എത്തയോൺ Ethion | 1.5 ppm |

* കേരള സർക്കാർ 2011ൽ നിരോധിച്ച കീടനാശിനി